പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 211 04.02.2013-ൽ മറുപടിയ്ക്ക്

## സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.എ.അസീസ് | | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | സ്കൂൾ തലത്തിലെ കുട്ടികളെ നീന്തൽ പഠിപ്പിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ; | (എ) | ഉണ്ട്. കേരളത്തിൽ പ്രതിവർഷം റിപ്പോർട്ട് ചെയ്യപ്പെടുന്ന മുങ്ങിമരണങ്ങളിലേറെയും കുട്ടികളാണെന്നത് പരിഗണിച്ച് പ്രസ്തുത സാഹചര്യത്തെ അതിജീവിക്കുന്നതിന് എല്ലാ സ്കൂൾ കുട്ടികൾക്കും നീന്തൽ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടുകൂടി സർക്കാർ രാഷ്ട്രീയ ലൈഫ് സേവിംഗ് സൊസൈറ്റിയുടെ സഹകരണത്തോടെ 'സ്വിം ആന്റ് സർവൈവ്' പദ്ധതി നടപ്പിലാക്കിവരുന്നു. പൈലറ്റ് പദ്ധതിയായി കോട്ടയം എം.ഡി.സെമിനാരി സ്കൂളിൽ നടപ്പിലാക്കിയ പദ്ധതിയിൽ 400 -ലധികം കുട്ടികൾ പരിശീലനം നേടിയിട്ടുണ്ട്. ഇപ്പോൾ കോട്ടയം എംഡി.സെമിനാരി ഹയർ സെക്കന്ററി സ്കൂളിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ, പുതുതായി വിവിധ ജില്ലകളിലായി തിരഞ്ഞെടുക്കപ്പെട്ട 5 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |
| (ബി) | മുഴുവൻ കുട്ടികളേയും നീന്തൽ പരിശീലിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ? | (ബി) | 'സ്വിം ആന്റ് സർവൈവ്' പദ്ധതി പ്രകാരം തിരഞ്ഞെടുത്ത സ്കൂളുകളിലെ കുട്ടികൾക്ക് നീന്തൽ പരിശീലിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തെ സ്കൂളുകളിലെ 36 ലക്ഷത്തോളം കുട്ടികൾക്ക് ഇത്തരത്തിലുള്ള പരിശീലനം ലഭ്യമാക്കുന്നതിന് പ്രായോഗിക പരിമിതികളുണ്ട്. |

സെക്ഷൻ ഓഫീസർ